## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 149** **04-10-2021 - ൽ മറുപടിയ്ക്ക്**

### പ്രഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിൽ ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ചെമ്പൂർ, പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ എന്നീ പ്രഥമികാരോഗ്യകേന്ദ്രങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ചെമ്പൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനത്തിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 14 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എൽ.എൽ.ലൈഫ് കെയർ ലിമിറ്റഡിനാണ് നിർമ്മാണ ചുമതല.ആർദ്രം പദ്ധതി പ്രകാരം ഒരു ഡോക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് വേണ്ടി തിരഞ്ഞെടുത്ത് 15.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് പശ്ചാത്തലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | കോവിഡ് പശ്ചാത്തലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായി നിജപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനങ്ങളിലെ ഡോക്ടർമാരെ കോവിഡ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ച സാഹചര്യത്തിൽ ചിലയിടത്തെങ്കിലും ഉച്ചവരെ മാത്രമേ പ്രവർത്തിക്കുവാൻ കഴിയുന്നുള്ളൂ. നിലവിലുള്ള കോവിഡ് സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം 6 മണി വരെ ദീർഘിപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ പൂഴനാട്, അമ്പൂരി എന്നിവിടങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ നിലവിൽ ഉച്ചവരെ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവയുടെ പ്രവർത്തനം വൈകുന്നേരം വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് പശ്ചാത്തലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായി നിജപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനങ്ങളിലെ ഡോക്ടർമാരെ കോവിഡ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ച സാഹചര്യത്തിൽ ചിലയിടത്തെങ്കിലും ഉച്ചവരെ മാത്രമേ പ്രവർത്തിക്കുവാൻ കഴിയുന്നുള്ളൂ. നിലവിലുള്ള കോവിഡ് സാഹചര്യം മെച്ചപ്പെടുന്ന മുറയ്ക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം 6 മണി വരെ ദീർഘിപ്പിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ